(ഡി) ഈ ഇനത്തിൽ ഇതുവരെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1. പച്ചക്കറി വികസന പദ്ധതി
2. കാർഷിക യന്ത്രവൽക്കരണം
3. പുഷ്പകൃഷിവികസനം
4. വനിതകളുടെ ഉന്നമനത്തിനായുള്ള പദ്ധതി
5. സമൃദ്ധി സ്റ്റാളുകൾ
6. നൂതന കാർഷിക സംരംഭങ്ങൾ

(ബി) 1. പച്ചക്കറി വികസന പദ്ധതി

യുവകർഷകർ ഉൾപ്പെടുന്ന ഹരിതസംഘങ്ങൾ മുഖേന പച്ചക്കറി കൃഷി നടപ്പിലാക്കുന്നു. കാർഷികോൽപ്പന്നങ്ങളുടെ വിപണനത്തിനായി ബ്ലോക്ക് തലത്തിൽ വിപണനശാലകൾ നടത്തുന്നു.

2. കാർഷിക യന്ത്രവൽക്കരണം

ട്രാക്ടർ, ടില്ലർ, മെതിയന്ത്രം തുടങ്ങിയ ആധുനിക യന്ത്രോപകരണങ്ങൾ ഉപയോഗിക്കുന്നതിന് യുവജനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നു.

3. പുഷ്പക്കൃഷി വികസനം

തിരുവനന്തപുരം, കൊല്ലം, തൃശൂർ, എറണാകുളം ജില്ലകളിലെ 80 പഞ്ചായത്തുകളിൽ ഫ്ളോറിക്കൾച്ചർ ക്ലബ്ബുകൾ രൂപീകരിച്ച് പദ്ധതി നടപ്പാക്കുന്നതാണ്. ഓരോ ക്ലബ്ബും 25 തൊഴിൽരഹിതരായ യുവതീയുവാക്കളെ പുഷ്പക്കൃഷിക്കായി പ്രോത്സാഹിപ്പിക്കുന്നു.

4. വനിതകളുടെ ഉന്നമനത്തിനായുള്ള പദ്ധതി

കാർഷിക സംസ്ക്കരണ മേഖലയിൽ 25 വനിതകൾ അടങ്ങുന്ന വനിതാ സംഘടനകൾ രൂപീകരിച്ച് സംസ്ക്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതാണ്.

5. സമൃദ്ധി സ്റ്റാളുകൾ

ഓരോ നിയോജകമണ്ഡലത്തിലും ഏജൻസി വ്യവസ്ഥയിൽ നടീൽ വസ്തുക്കൾ, കാർഷിക ഉപകരണങ്ങൾ തുടങ്ങിയവ വിൽക്കുന്നതിനുള്ള സ്റ്റാളുകൾ തുടങ്ങുന്നു.

(സി) മേൽ സൂചിപ്പിച്ച പദ്ധതികൾ മുഖേനയും അതുകൂടാതെ കുരുമുളക് വികസന പദ്ധതി, കശുമാവ് വികസന പദ്ധതി, കാർഷികമേഖലയിൽ നൂതന കാർഷിക സംരംഭങ്ങൾ നെൽകൃഷി വികസന പരിപാടികൾ, തെങ്ങ് വികസന പദ്ധതി എന്നിവ മുഖേനയും ഗുണമേന്മയുള്ള വിത്തും നടീൽ വസ്തുക്കളും ഉൽപ്പാദിപ്പിക്കുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നതിനും അതിലൂടെ കൂടുതൽ യുവതീയുവാക്കളെ കാർഷികവൃത്തിയിൽ ആകൃഷ്ടരാക്കുന്നതിനും ഉദ്ദേശിച്ചുള്ള പരിപാടികൾ ഉൾപ്പെടുത്തിയിരിക്കുന്നു.

(ഡി) ഏകദേശം 30,000 പേർക്ക് പ്രത്യക്ഷമായി തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

106 (26668) വിദ്യാലയങ്ങളിലെ പച്ചക്കറിക്കൃഷി

പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. യു.എസ്. ശശി :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാജു :

ശ്രീ. സത്യൻ മൊകേരി :

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജിത പച്ചക്കറി വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് എത്ര വിദ്യാലയങ്ങളിൽ പച്ചക്കറിക്കൃഷി ചെയ്തു വരുന്നു;

(ബി) ഹരിതവർഷത്തിന്റെ ഭാഗമായി ഒന്നാംഘട്ടത്തിൽ എത്ര വിദ്യാലയങ്ങളിൽ പച്ചക്കറിക്കൃഷി ചെയ്തിരുന്നു; രണ്ടാംഘട്ടത്തിൽ എത്ര വിദ്യാലയങ്ങളിലേക്ക് കൂടി കൃഷി വ്യാപിപ്പിക്കുന്നതിനാണുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) വിദ്യാലയങ്ങളിലെ പച്ചക്കറിക്കൃഷിയിലൂടെ എന്തുമാത്രം പച്ചക്കറി ഇതുവരെ ഉൽപ്പാദിപ്പിച്ചു കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1998-99 ൽ 1022 സ്കൂളുകളിൽ പച്ചക്കറി കൃഷിചെയ്തു.

(ബി) ഒന്നാം ഘട്ടത്തിൽ 560 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി ചെയ്തു. രണ്ടാം ഘട്ടത്തിൽ 462 വിദ്യാലയങ്ങളിലേക്ക് കൂടി വ്യാപിപ്പിച്ചു.

(സി) 720 ടൺ പച്ചക്കറി ഉൽപ്പാദിപ്പിച്ചു.

107 (2670) കായകുളം മണ്ഡലത്തിലെ ഹരിതസ്റ്റാൾ

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ഇതുവരെ അനുവദിച്ചിട്ടുള്ള 'ഹോർട്ടികോർപ്പിന്റെ' വെജിറ്റബിൾ സൂപ്പർ മാർക്കറ്റുകളും ഹരിത മിനി സ്റ്റാളുകളും ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) മണ്ഡലത്തിൽ നിലവിലുള്ള ലൈസൻസികളുടെ പേരും മേൽവിലാസവും നൽകുമോ;

(സി) നിലവിലുള്ള ഈ വെജിറ്റബിൾ വിപണന സ്ഥാപനങ്ങളിലെ ശരാശരി പ്രതിമാസ വിറ്റുവരവ് എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) മണ്ഡലത്തിൽ ഹരിത, മിനി സ്റ്റാളുകൾ തുടങ്ങിയ ഹോർട്ടികോർപ്പിന്റെ സ്ഥാപനങ്ങൾക്ക് ഇപ്പോൾ എത്ര അപേക്ഷകൾ ബാക്കിയുണ്ട്; വിശദവിവരങ്ങൾ നൽകുമോ;

(ഇ) ജില്ലയിലെ മറ്റ് പത്ത് മണ്ഡലങ്ങളിൽ അനുവദിച്ചിട്ടുള്ള ഹോർട്ടികോർപ്പിന്റെ മറ്റ് സ്ഥാപനങ്ങളുടെ എണ്ണം അറിയിക്കുമോ?

ഉത്തരം

(എ) പുതിയിടത്ത് ഒരു സസ്യ സൂപ്പർ മാർക്കറ്റും കാക്കനാട്, പുല്ലുകുളങ്ങര എന്നിവിടങ്ങളിൽ ഹരിത മിനി മാർക്കറ്റുകളും കെ.പി.എ.സി. ജംഗ്ഷനിൽ ഒരു ഹരിത സ്റ്റാളും ആരംഭിച്ചിട്ടുണ്ട്.

(ബി) മണ്ഡലത്തിൽ നിലവിലുള്ള ലൈസൻസികളുടെ പേരും മേൽവിലാസവും ചുവടെ ചേർക്കുന്നു.

1. ശ്രീധരൻ പിള്ള
കളിയിക്കൽ ഹൗസ്

LIBRARY ARCHIVES Kerala Legislative Assembly